(ബി—ഇ) ഇത് വൈദ്യുത ബോർഡിന്റെ അധീനതയിലാണ്.

ഭൂതത്താൻകെട്ട് മുതൽ ഇണ്ടം റോഡ് വരെയുള്ള റോഡിന്റെ ദൈർഘ്യം

68 [5720] ശ്രീ. എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂതത്താൻകെട്ട് മുതൽ ഇണ്ടം റോഡ് വരെയുള്ള റോഡിന്റെ ദൈർഘ്യം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് ടാർ ചെയ്യുന്നതിനുള്ള ജോലി എന്ന് ആരംഭിച്ചു;

(സി) ഇതുവരെ അതിന്റെ എത്ര ശതമാനം ജോലി പൂർത്തിയാക്കി;

(ഡി) ഈ പണി എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിരുന്നത് എന്ന് വെളിപ്പെടുത്തുമോ;

(ഇ) ഇതിന്റെ പണി എന്ന് പൂർത്തിയാക്കാനാകുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ—ഇ) പ്രസ്തുത റോഡ് പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ളതല്ല.

കോടിമത-കവണാറ്റിൻകര പാതയുടെ നിർമ്മാണം

69 [5721] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ കോടിമത നിന്ന് കവണാറ്റിൻകരയിലൂടെയുള്ള നിയുക്ത പാതയുടെ നിർമ്മാണം ഏതുഘട്ടത്തിലാണെന്നും ഇതിന്റെ യഥാർത്ഥ റൂട്ട് എന്താണെന്നും വ്യക്തമാക്കുമോ;

(ബി) കുമരകം, കവണാറ്റിൻകര, ചീർപ്പുങ്കൽ, വെച്ചൂർ വഴിയുള്ള പാതകൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ഇപ്രകാരമുള്ള ഒരു പദ്ധതിക്കായി റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ പ്രസ്തുത റോഡിന്റെ ഇരുവശത്തും അതിരുകൾ സ്ഥാപിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) റോഡിന്റെ ഇരുവശവും താമസിക്കുന്നവർക്കും തദ്ദേശവാസികൾക്കും ഈ പദ്ധതിയോട് വിയോജിപ്പുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) സർക്കാർ മുതൽമുടക്കി സ്ഥാപിച്ചിട്ടുള്ള റോഡുകളും പാലങ്ങളും ആവശ്യാനുസരണം പരിഷ്കരിക്കുന്നതിനും രണ്ടോ മൂന്നോ സ്വകാര്യ സ്റ്റാർ ഹോട്ടലുകൾക്ക് മാത്രം പ്രയോജനപ്പെടുന്നതുമായ എട്ടുവരിപ്പാത നിർമ്മാണം പുനഃപരിശോധിക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രസ്തുത റോഡിന്റെ സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചു വരുന്നു. കോട്ടയത്ത് കോടിമതയിൽ നിന്നാരംഭിച്ച് കൊടൂർ പുഴകടന്ന് കണ്ണാടിച്ചാൽ വഴി തിരുവാർപ്പ്, കുമരകം വില്ലേജുകളിലൂടെ കവണാറ്റിൻകരയിൽ നിലവിലുള്ള കോട്ടയം-കുമരകം റോഡിലെത്തിച്ചേരുന്ന നിലയിലാണ് പ്രസ്തുത പാത വിഭാവനം ചെയ്തിട്ടുള്ളത്.

(ബി) ഇല്ല.

(സി) പ്രസ്തുത റോഡിന്റെ ഇരുവശത്തും അതിരുകല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്.

(ഡി) ചുരുക്കം ചില ഭാഗങ്ങളിൽ ഉളവായിട്ടുള്ള പ്രശ്നങ്ങൾ ചർച്ചയിലൂടെയും കോടതി വിധിയിലൂടെയും പരിഹരിച്ചിട്ടുണ്ട്.

(ഇ) ഇപ്പോൾ നിർദ്ദേശമൊന്നും നിലവിലില്ല.

ചേർത്തല-കോട്ടയം നാലുവരിപ്പാതയ്ക്ക് അംഗീകാരം

70 [5725] ശ്രീ. റോഷി അഗസ്റ്റിൻ:
„ തോമസ് ചാഴിക്കാടൻ:
„ കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല-കോട്ടയം നാലുവരിപ്പാതയ്ക്ക് അംഗീകാരം ആയിട്ടുണ്ടോ എന്ന വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡിന്റെ വിശദമായ സർവ്വേ പൂർത്തിയായിട്ടുണ്ടോ;

(സി) ഈ റോഡിന് എത്ര കോടി രൂപയുടെ ചെലവാണ് പ്രതീക്ഷിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) പ്രസ്തുത റോഡ് എന്നത്തേക്ക് പൂർത്തീകരിക്കാനാവും എന്നാണ് കരുതുന്നതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ആയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) 220 കോടി രൂപ മതിപ്പു ചെലവ് പ്രതീക്ഷിക്കുന്നു.

(ഡി) പ്രസ്തുത റോഡ് നിർമ്മാണത്തിനുള്ള സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly